# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3198

### 11-05-2017 ൽ മറുപടിക്ക്

**കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികളിന്മേൽ വിജിലൻസ് പരിശോധനകൾ**

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികളിന്മേൽ വിജിലൻസ് സ്വമേധയാ എന്തെങ്കിലും പരിശോധനകൾ നടത്തിയിട്ടുണ്ടോ; ഏതെങ്കിലും ഫയലുകൾ വിജിലൻസ് സംഘം പിടിച്ചെടുത്തിട്ടുണ്ടോ; | കിഫ് ബോർഡിന്റെ 27-ാം യോഗം അംഗീകരിച്ച പദ്ധതികളെക്കുറിച്ചുള്ള വിവരശേഖരണം മാത്രമേ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കിഫ്ബിയിൽ നടത്തിയിട്ടുള്ളൂ. പദ്ധതികളിന്മേൽ ടി വകുപ്പിന്റെ യാതൊരുവിധ പരിശോധനയും നാളിതുവരെ നടന്നതായി അറിവില്ല. കിഫ്ബിയുടെ ഫയലുകളൊന്നും പിടിച്ചെടുത്തിട്ടില്ല. |
| (ബി) പദ്ധതികളുടെ പ്രാരംഭ ഘട്ടത്തിൽ തന്നെ ഇത്തരം പരിശോധനകൾ നടത്തുന്നത് പദ്ധതിയെ ഏതെങ്കിലും തരത്തിൽ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; | വിജിലൻസ് വകുപ്പിൽ നിന്നും എല്ലാ സർക്കാർ കാര്യാലയങ്ങളിലും നടന്നു വരുന്ന പതിവ് വിവരശേഖരണം മാത്രമേ കിഫ്ബിയിലും നടന്നിട്ടുള്ളൂ. ഇത്തരം വിവര ശേഖരണം പദ്ധതി നടത്തിപ്പിനെയോ, ഏജൻസികളെയോ, കരാറുകാരെയോ കണ്ടെത്തുന്നതിനുള്ള നടപടിക്രമങ്ങളിൽ കാലതാമസം ഉണ്ടാക്കും എന്ന് കരുതുന്നില്ല. മാത്രമല്ല ഈ വിവരശേഖരണം ഫണ്ടിലേക്കുള്ള നിക്ഷേപത്തെയും ഒരു തരത്തിലും സ്വാധീനിച്ചിട്ടുള്ളതായി കരുതുന്നില്ല. |
| (സി) ഇത്തരം പരിശോധനകൾ ഏജൻസികളെ കണ്ടെത്തുന്നതിനും കരാറുകാരെ കണ്ടെത്തുന്നതിനും ഉള്ള നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാക്കിയിട്ടുണ്ടോ; ഇത് ഈ ഫണ്ടിലേക്കുള്ള നിക്ഷേപത്തെ ഏതെങ്കിലും തരത്തിൽ സ്വാധീനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ